പ്രതികരണം

○
നാജിദാ ബാനു ആദിരാജാ

# സംഗീത പ്രതിഭകള്‍ക്ക് വേദികളില്ല

**നേര്‍ത്ത** കുറെ ശബ്ദവീചികളുടെ സമ്മേളനമാണ് നിശ്ശബ്ദം എന്ന് എം.ടി തന്റെ 'മഞ്ഞ്' എന്ന കാവ്യാത്മകമായ നോവലില്‍ നിരീക്ഷിക്കുന്നുണ്ട്. ഇന്നാകട്ടെ, പ്രകൃതിയുടെ ഈ താളബോധം സൃഷ്ടിക്കുന്ന ഗൃഹാതുരത്വം ഇത്തരം നിരീക്ഷണങ്ങളിലൊതുങ്ങിപ്പോയിരിക്കുന്നു. യന്ത്രവത്കൃത സമൂഹത്തില്‍ കൃത്രിമ താളങ്ങളുടെ ഒഴിഞ്ഞിരിക്കാന്‍ കഴിയാത്ത സ്വത്വമായി മനുഷ്യന്‍ മാറിക്കൊണ്ടിരിക്കുന്നു. എവിടെയും സംഗീതവും ഗാനപ്രവാഹങ്ങളുമാണ്. എഫ്.എം റേഡിയോ മുതല്‍ മൊബൈല്‍ ഫോണുകള്‍ വരെ മനുഷ്യന്റെ ദൈനംദിന ജീവിതത്തിലേക്ക് ക്ഷണിക്കാത്ത അതിഥിയായി കുതിച്ചു വരികയാണ്. റിംഗ്ടോണും ഡയല്‍ടോണും മനുഷ്യന്‍ സ്വഛതയോടെ ധ്യാനനിരതനാകുന്ന ആരാധാനാലയങ്ങളില്‍ വരെ ശല്യക്കാരനായി മാറിയിരിക്കുന്നു.   ഹറാം വിളികളുമായി മത നേതൃത്വം ഉറഞ്ഞുതുള്ളുന്ന സംഗീതവും കലയും അവരറിയാതെ തന്നെ പ്രകൃതിയുടെ ചോദനകള്‍ പോലെ സര്‍വ മനുഷ്യരെയും കീഴടക്കുന്നുണ്ട് എന്നര്‍ഥം. ഇത്തരം നൈസര്‍ഗിക ചോദനകള്‍ പ്രകൃതി മതമായ ഇസ്‌ലാമിന് അന്യമാകുന്നതെങ്ങനെ? ഈ വിഷയകമായി അനേകം പഠനങ്ങള്‍ ഇന്റര്‍നെറ്റില്‍ ലഭ്യമാണ്. എന്തുകൊണ്ടോ പണ്ഡിത വൃന്ദം സര്‍വ മനുഷ്യരെയും സ്വാധീനിക്കുന്ന ഈ വിഷയം പഠിക്കാന്‍ സമയം ചെലവഴിക്കുന്നില്ലെന്ന് മാത്രമല്ല, തികഞ്ഞ നിസ്സംഗത പുലര്‍ത്തുകയും ചെയ്യുന്നു.

നാദമാണ് സംഗീതത്തിന്റെ ആധാരം. നാദത്തില്‍ നിന്ന് ശ്രുതി, ശ്രുതിയില്‍ നിന്ന് സ്വരവും സ്വരത്തില്‍ നിന്ന് രാഗവും ഉണ്ടാകുന്നു. ഇവയുടെ മേളനമാണ് സംഗീതം. സുകുമാരകലകളില്‍ ഏറ്റവും ശ്രേഷ്ഠമായത് സംഗീതമാണ്. പ്രപഞ്ചത്തിന്റെ ഘടനയും നിലനില്‍പും പ്രാപഞ്ചിക പ്രതിഭാസങ്ങളുമെല്ലാം തന്നെ സംഗീതാത്മകമാണ്. മനുഷ്യന്റെ എല്ലാ വികാരങ്ങളെയും ആവിഷ്കരിക്കാന്‍ ഈ കലയിലൂടെ സാധിക്കും. വ്യത്യസ്ത ദേശങ്ങളുടെ സംസ്കാരത്തെയും സംഗീതം ആവിഷ്കരിക്കുന്നു.

ശ്രവണ സുഖം നല്‍കുന്ന ക്രമനിബദ്ധമായ ശബ്ദ വിശേഷത്തെ അഥവാ ധ്വനിയെ നാദം എന്ന് പറയുന്നു. വായുവില്‍ വസ്തുക്കളുടെ സ്പന്ദനം മൂലമാണ് നാദം ഉണ്ടാകുന്നത്. ശ്രുതിയാകട്ടെ സൂക്ഷ്മവും പരസ്പരം ഭിന്നവുമായി മനുഷ്യകര്‍ണത്തിന് വേര്‍തിരിച്ചറിയാന്‍ കഴിയുന്ന ഏറ്റവും ചെറിയ നാദവിശേഷണങ്ങളാണ്. ശ്രുതി മറ്റൊരു അര്‍ഥത്തിലും സംഗീതത്തില്‍ പ്രയോഗിക്കാറുണ്ട്. അതായത്, ഒരാള്‍ ആസ്ഥായില്‍ ഏതുസ്വരത്തെ ആധാരമാക്കിയാണ് പാടുന്നത്, അത് അയാളുടെ ശ്രുതി

(Pitch)ആയിരിക്കും.

ഗാനത്തിന്റെ കാലയളവിനെ അഥവാ ഗതിയെ കൃത്യമായും ക്രമമായും നിയന്ത്രിക്കുന്ന ഘടകമാണ് താളം. ഗീതം,വാദ്യം,നൃത്തം എന്നിവയുടെ അടിസ്ഥാനം താളമാണ്. സംഗീതത്തിൽ ശ്രുതി മാതാവും ലയം (താളം) പിതാവുമായി കൽപ്പിക്കപ്പെടുന്നു. (ശ്രുതി:മാതാ ലയ:പിതാ).

ഇത് സംഗീതത്തിന്റെ ഇന്ത്യൻ നിർവചനമാണ്. സംഗീതത്തെ നിർവചിക്കാൻ പൗരാണിക കാലംമുതലേ തത്വജ്ഞാനികളും സംഗീതജ്ഞരും സാമൂഹിക ശാസ്ത്രജ്ഞരും പ്രകൃതിജ്ഞാനികളും ഒരുപാട് സംവാദങ്ങൾ നടത്തിയിട്ടുണ്ട്. മനുഷ്യഭാവന പോലെ തന്നെ വ്യക്തമായ ഒരു നിർവചനത്തിൽ വഴങ്ങുന്നതല്ല സംഗീതം. മുഹമ്മദ് നബി(സ) യുടെ കാലഘട്ടത്തിലെ അറബി ഭാഷയിൽ ഏതായാലും അത് നിർവചിക്കപ്പെട്ടില്ലെന്ന് ഉറപ്പാണ്.

'മൂസീഖ' എന്ന അറബി പദത്തിന്റെ മൂലം മ്യൂസിക്കെ (Mousike) എന്ന ഗ്രീക്ക് പദമാണ്. ഇസ്‌ലാമിന്റെ ആവിർഭാവത്തിന് ശേഷമാണ് ആ പദം ഉത്ഭവിക്കുന്നത്. പ്രാചീന അറബികൾക്ക് ശാസ്ത്രീയസംഗീതത്തെക്കുറിച്ച് കാര്യമായ ധാരണയൊന്നും ഉണ്ടായിരുന്നില്ല. പ്രത്യേകതരം സാംസ്കാരികാവിഷ്കാരങ്ങളെ കവിത (ശിഅ്ർ), പാട്ട് (ഗിനാ) എന്നിങ്ങനെയായിരുന്നു അവർ വിളിച്ചിരുന്നത്. ആ സമൂഹത്തിൽ വിപ്ലവധ്വനിയുയർത്തിവന്ന പ്രവാചകനാകട്ടെ, അറബിയിലെ എല്ലാ കാവ്യ സമ്പുഷ്ടതയെയും നിഷ്പ്രഭമാക്കുന്ന രൂപഭംഗിയോടു കൂടിയുള്ള ഖുർആനുമായിട്ടാണ് രംഗപ്രവേശം ചെയ്യുന്നത്. ഖുർആനിലാകട്ടെ സംഗീതത്തെ നിരോധിച്ചുകൊണ്ടുള്ള ഒരൊറ്റവാക്കുപോലുമില്ല.

"വഞ്ചനാത്മകമായ വർത്തമാനങ്ങൾ വിലയ്ക്ക് വാങ്ങികൊണ്ടുവരുന്ന ചില മനുഷ്യരുണ്ട്; ഒരു വിവരവുമില്ലാതെ ദൈവിക മാർഗത്തിൽ നിന്ന് ജനത്തെ വ്യതിചലിപ്പിക്കുന്നതിനും ഈ മാർഗത്തിലുള്ള പ്രബോധനത്തെ പരിഹസിക്കുന്നതിനും വേണ്ടി" എന്ന സൂക്തത്തിലെ (31:6) 'ലഹ്‌വുൽ ഹദീസി' (വഞ്ചനാത്മകമായ വർത്തമാനങ്ങൾ)നെ ചില പണ്ഡിതന്മാർ സംഗീതമാണെന്ന് വ്യാഖ്യാനിക്കുന്നുണ്ട്. സംഗീതത്തെക്കുറിച്ച് ഒരു വാക്ക് പോലും രൂപപ്പെടാത്ത കാലത്ത് എങ്ങനെയാണ് അവർക്ക് അങ്ങനെ വ്യാഖ്യാനിച്ചെടുക്കാനാവുക. മൗലാനാ മൗദൂദിയുടെ വ്യാഖ്യാന പ്രകാരം അത്, ഒരാൾ സത്യവാർത്ത തള്ളിക്കളഞ്ഞ് അസത്യവാർത്ത സ്വീകരിക്കുകയും സന്മാർഗത്തിൽ നിന്ന് പിന്തിരിഞ്ഞ് തനിക്ക് ഇഹത്തിലോ പരത്തിലോ യാതൊരു ഗുണവും ചെയ്യാത്ത പാഴ്‌വേലകളിൽ ഉന്മുഖനാവുകയും ചെയ്യുന്നതിന്റെ പേരാണ്. പ്രവാചകനിൽ നിന്നും ഖുർആനിൽ നിന്നും ജനങ്ങളെ അകറ്റാൻ ഇസ്‌ലാമിന്റെ ശത്രുക്കൾ സ്വീകരിച്ചിരുന്ന ഒരു മാർഗമായിരുന്നു, നർത്തകികളെ വിലയ്ക്കെടുത്ത് ആടിക്കുകയും പാടിക്കുകയും ചെയ്ത് മുസ്‌ലിംകളിലേക്ക് ആകർഷിക്കപ്പെടുന്നവരെ തടയുക എന്നത്. നല്ല കവിതകൾ രചിച്ചു ഖുർആനെ തോൽപിക്കാൻ ശ്രമിച്ച ചരിത്രവും പ്രസിദ്ധമാണല്ലോ. എന്ത് കൊണ്ട് കവിതയെ ഏതെങ്കിലും ഇസ്‌ലാമിക പണ്ഡിതൻ ഹറാമാക്കിയില്ല?! 'ലഹ്‌വ്' എന്ന വാക്ക് സൂറത്ത് *ജുമുഅയി*(11ാം സൂക്തത്തിലും)ലും കാണാൻ കഴിയും:

"വല്ല കച്ചവടമോ തമാശയോ കണ്ടാൽ അവർ അങ്ങോട്ട് പോവുകയും നിന്നെ നിന്നപടി ഉപേക്ഷിക്കുകയും ചെയ്യുന്നുവല്ലോ. അവരോട് പറയുക, അല്ലാഹുവിന്റെ പക്കലുള്ളത് കച്ചവടത്തെക്കാളും തമാശയെക്കാളും ശ്രേഷ്ഠമായതാകുന്നു. വിഭവദായകരിൽ അത്യുത്തമനല്ലോ അല്ലാഹു!"

പ്രവാചകൻ ഖുത്വുബ നടത്തിക്കൊണ്ടിരിക്കുമ്പോൾ, കൊട്ടും കുരവയുമായി വന്ന കച്ചവട സംഘത്തിനടുത്തേക്ക് വിഭവങ്ങൾ ശേഖരിക്കാൻ പോയവരെ സൂചിപ്പിച്ചുകൊണ്ടാണ് ഇവിടെ ഈ സൂക്തമിറങ്ങുന്നത്. ഇതിലെ കച്ചവട നിരോധം എന്തുകൊണ്ടാണ് പണ്ഡിത ലോകത്തിന് ഒരു നിത്യ ആജ്ഞയായി മാറാതിരുന്നത്? ഇസ്‌ലാമിൽ നിന്നും അകറ്റുന്നത് എന്താകട്ടെ അത് ഹറാമാകും എന്നതാണ് അടിസ്ഥാനം. ഈയൊരവസ്ഥയിലാണ് സംഗീതം മാത്രമല്ല കായിക വിനോദം പോലും ഇബ്നുതൈമിയെപോലുള്ളവർ ഹറാമാക്കിയത്.

ഇവിടെയാണ് ശൈഖ് യൂസുഫൽ ഖറദാവിയെ പോലുള്ള ആധുനിക പണ്ഡിതന്മാരുടെ പഠനങ്ങൾ ശ്രദ്ധേയമാകുന്നത്. സംഗീതവും വാദ്യോപകരണങ്ങളും നിരോധിച്ചുകൊണ്ടുള്ള ഹദീസുകളുടെ ആധികാരികത അദ്ദേഹം ചോദ്യം ചെയ്യുന്നു. (*അൽ ഹലാൽ വൽ ഹറാം ഫിൽ ഇസ്‌ലാം*)

ഇസ്‌ലാമിലെ അഞ്ച് നേരത്തെ ബാങ്ക് വിളിയിൽ തന്നെ സംഗീതധ്വനി കേൾക്കുന്നു. ഏറ്റവും മനോഹരമായ സംഗീതാത്മക ബാങ്ക് വിളിയാണ് ഏറ്റവും നല്ല മുഅദ്ദിന്റെ ലക്ഷണം. ബിലാലിബ്നു റബാഹ് മുതൽ അത് തുടങ്ങുന്നു. ബാങ്ക് കേൾക്കുന്ന ശ്രോതാവിൽ അത് സൃഷ്ടിക്കുന്ന വൈകാരിക ആന്ദോളനം വളരെ വലുതാണ്. ശബ്ദമാധുര്യത്തോടെ ഖുർആൻ പാരായണം ചെയ്യുന്നവരെ മുഹമ്മദ് നബി(സ) പ്രോത്സാഹിപ്പിച്ചിരുന്നുവല്ലോ. ഈയൊരു അടിസ്ഥാനത്തിലാണ് 'ഇൽമുൽ ഖിറാഅത്ത്' (പാരായണ ശാസ്ത്രം) രൂപപ്പെട്ടത്. പ്രഗത്ഭരായ ഖാരിഉകൾ ലോകപ്രസിദ്ധരായത് പാരായണത്തിലെ സംഗീതാത്മകത കൊണ്ടല്ലേ?

ഇസ്ഫഹാനി (897–967)യുടെ *കിത്താബുൽ അഗാനി* എന്ന കൃതിയിൽ അറേബ്യ, പേർഷ്യ, തുർക്കി, ഇന്ത്യ തുടങ്ങിയ രാഷ്ട്രങ്ങളിലേക്കുള്ള ഇസ്‌ലാമിന്റെ വളർച്ചയിൽ സംഗീതത്തിന്റെ വ്യാപനവും നമുക്ക് കാണാം. അബ്ബാസി ഖലീഫ അൽമൈമൂന്റെ കാലത്ത് ഗ്രീക്കിൽ നിന്നും ഒരുപാട് സംഗീത കൃതികൾ അറബിയിലേക്ക് വിവർത്തനം ചെയ്യപ്പെടുകയുണ്ടായി. ഈയൊരു സംഗീത വിജ്ഞാനം ഇസ്‌ലാമികമായ സംഗീത പുനർനിർമിതിയെ സഹായിച്ചു.

ഇസ്‌ലാമിന്റെ തുടക്കകാലത്ത് സംഗീതത്തെ തത്വജ്ഞാനവും ഗണിത ശാസ്ത്രത്തിന്റെ ശാഖയുമായിട്ടായിരുന്നു കരുതിയിരുന്നത്. സംഗീതത്തിൽ കഴിവുള്ളവർ തത്വജ്ഞാനത്തിന്റെയും ഗണിത ശാസ്ത്രത്തിന്റെയും വിദഗ്ധരായി അംഗീകരിക്കപ്പെട്ടു. അൽഖിന്ദി (800–887) ആദ്യത്തെ സംഗീതജ്ഞനായി കണക്കാക്കപ്പെടുന്നു. ഇദ്ദേഹം തന്നെയാണ് സംഗീത ചികിത്സയുടെയും ഉപജ്ഞാതാവ്. സംഗീതം ഔഷധമായി കാണുകയും വാതരോഗിയെ സുഖപ്പെടുത്താൻ ശ്രമിക്കുകയും ചെയ്തു അദ്ദേഹം. അദ്ദേഹത്തിന്റെ സംഗീതത്തെക്കുറിച്ചുള്ള അഞ്ച്കൃതികൾ ലഭ്യമാണ്. ആദ്യമായി മൂസിഖി (മ്യൂസിക്ക്) എന്ന പേരിൽ കൃതി രചിച്ചതും അൽഖിന്ദിയായിരുന്നു. ഇങ്ങനെ ചരിത്രത്തിലുടനീളം സംഗീതത്തിന് ഉയർന്ന പരിഗണന ലഭിച്ചതായി കാണാം.

തിരുവനന്തപുരം ജില്ലക്കാരിയായ കണ്ണൂർ തളിപ്പറമ്പ് സർ സയ്യിദ് കോളേജിലെ ഒരു ബിരുദ വിദ്യാർഥിനിക്ക് ശാസ്ത്രീയ സംഗീതത്തിൽ അപാര വൈദഗ്ധ്യമുണ്ട്. മാതാവും പിതാവും സജീവ ഇസ്‌ലാമിക പ്രവർത്തകർ. അവർക്ക് മകളുടെ കഴിവുകൾ വിനിയോഗിക്കാൻ വേദികളില്ല. യൂസുഫുൽ ഇസ്‌ലാമിന്റെയും കമലാസുറയ്യയുടെയും പ്രസിദ്ധിയിൽ അഭിമാനിക്കുന്ന മുസ്‌ലിം സമൂഹത്തിന് ഇത്തരം നൈസർഗിക കലാകാരൻമാരെ വളർത്തിയെടുക്കാൻ വേദികളുണ്ടാവണം. ■

najidaadiraja@gmail.com